**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **07-07-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി റിബേറ്റ് ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ കൂടുതൽ റിബേറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധി പപിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ അനുവദിച്ച് നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂടുതലായി അനുവദിച്ചു നൽകി. ഓരോ വർഷവും വിവിധ ഉത്സവ സീസണുകളിലായി 56 ദിവസത്തെ റിബേറ്റ് വിൽപ്പന സർക്കാർ അനുവദിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷവും കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്കായി 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾ അനുവദിച്ചു ഉത്തരവായിട്ടുണ്ട്.<br><br>വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്.<br><br>ഓരോ സാമ്പത്തിക വർഷവും റിബേറ്റ് ഇനത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ മുഖേന അനുവദിക്കുന്ന മുഴുവൻ തുകയും ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തിന്റെ വിവിധ പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർക്ക് അർഹത നിർണ്ണയിച്ച് അനുവദിച്ചുനൽകുന്നു. ലഭ്യമാകുന്ന റിബേറ്റ് അപേക്ഷകളുടെ അർഹത നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തുക നൽകിവരുന്നു. |
| (ബി) | കൈത്തറി ഉല്പന്നങ്ങൾക്കായി കൂടുതൽ പ്രദേശങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കാമോ; | (ബി) | കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനായി കൂടുതൽ പ്രദേശങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കുന്നതു |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കാമോ? | | സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹാന്റ്‌ലൂം ഡവലപ്മെന്റ് കോർപ്പറേഷനും (ഹാൻവീവ്) കേരള സ്റ്റേറ്റ് ഹാന്റ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(ഹാന്റക്സ്)യും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഹാൻവീവിന് കീഴിൽ 3 മേഖലകളിലായി 36 ഷോറൂമുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ കണ്ണൂർ മേഖലയിൽ രണ്ടു ഏജൻസി ഷോറൂമുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഉത്സവ സീസണുകളിൽ കൂടുതൽ വില്പന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചു വരുന്നു.<br><br>ഹാന്റക്സിന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 79 ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന താത്കാലിക പ്രദർശന വിൽപ്പന മേളകളിൽ ഹാന്റക്സ് പങ്കെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ